3746
20/2/17

# കേരള സർക്കാർ

## സംഗ്രഹം

വനം-വന്യജീവി വകുപ്പ്- ഇരുളം വില്ലേജ് പാംപ്ര സെക്ഷൻ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് ശിക്ഷിക്കപ്പെട്ട പരേതനായ എൻ.ശ്യാമളകുമാരൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസ (റിട്ട) റുടെ ഭാര്യ ശ്രീമതി.സരസ്വതി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് കുടുംബ പെൻഷനിൽ നിന്നും ബാദ്ധ്യതകൾ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## വനം വന്യജീവി (എ) വകുപ്പ്

സ.ഉ. (സാധാ) നം.62/2017/വനം തീയതി, തിരുവനന്തപുരം, 15.02.2017.

പരാമർശം:- 1) 05.11.2015 ലെ സ.ഉ.(സാധാ) നം.481/2015/വനം നമ്പർ ഉത്തരവ്

2) 12.05.2016 ലെ ശ്രീമതി.സരസ്വതിയുടെ അപേക്ഷ

3) 10.08.2016 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്ററുടെ ബി1-49501/97 നമ്പർ കത്ത്

## ഉത്തരവ്

സൗത്ത് വയനാട് ഡിവിഷനിലെ ചെതലയം റെയിഞ്ചിൽ പാംപ്ര സെക്ഷന്റെ ചുമതലയുണ്ടായിരുന്ന ശ്രീ.പി.ജയരാജൻ, ഫോറസ്റ്റർ, ശ്രീ.എം.മൂസ്സ, ഫോറസ്റ്റർ, ശ്രീ.റ്റി.മോഹൻലാൽ, ഫോറസ്റ്റ് ഗാർഡ് എന്നിവർക്ക് ടി സെക്ഷന്റെ പരിധിയിൽപ്പെട്ട ഓടക്കുറ്റി, പട്ടത്താനി, മണ്ണുണ്ടി, ചേലക്കൊല്ലി എന്നീ നിക്ഷിപ്ത വനപ്രദേശങ്ങളിലെ അനധികൃത മരംമുറി, വനഭൂമി കയ്യേറി കൃഷി ചെയ്തത് തുടങ്ങിയ കുറ്റകൃത്യങ്ങൾ യഥാസമയം തടയുന്നതിനും, പ്രതികളെ യഥാസമയം കണ്ടുപിടിക്കുന്നതിനും, തൊണ്ടി സാധനങ്ങൾ കണ്ടെടുക്കുന്നതിൽ വീഴ്ച വരുത്തുകയും, പ്രസ്തുത കുറ്റകൃത്യങ്ങൾ മേലധികാരികളിൽ നിന്നും മറച്ചു വയ്ക്കുകയും തൻനിമിത്തം സർക്കാരിന് ധനനഷ്ടം വരുത്തുകയും ചെയ്ത കുറ്റങ്ങൾ ചെയ്തതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി. തുടർന്ന് നടത്തിയ ഔപചാരിക അന്വേഷണ റിപ്പോർട്ട് പ്രകാരം ഈ കേസ്സിലെ സർക്കാർ നഷ്ടം ആയ 66,541/- രൂപ എന്നു കാണുകയുണ്ടായി.

2. മേൽ വിഷയം വിശദമായി പരിശോധിച്ച സർക്കാർ, സൗത്ത് വയനാട് ഡിവിഷനിലെ ചെതലയം റെയിഞ്ചിലെ പാംപ്ര സെക്ഷനിലെ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് ഉണ്ടായ സർക്കാർ നഷ്ടത്തിൽ റിട്ടയേർഡ് ഫോറസ്റ്റർമാരായ ശ്രീ.വി.പി.പ്രഭാകരൻ, ശ്രീ.എൻ.ശ്യാമളകുമാർ എന്നിവരുടെ ആനുപാതിക നഷ്ടമായ 9075/- രൂപയും ഫോറസ്റ്ററായ ശ്രീ.പി.ജയരാജൻ, ഫോറസ്റ്റ് ഗാർഡുമാരായ ശ്രീ.റ്റി.മോഹൻലാൽ, ശ്രീ.എം.മൂസ എന്നിവരുടെ ആനുപാതിക നഷ്ടമായ 12098/- രൂപയും കെ.എസ്.ആർ.ഭാഗം 3 ചട്ടം 3 (എ) പ്രകാരം ടിയാന്മാരുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം ഈടാക്കിക്കൊണ്ടും അച്ചടക്ക നടപടി തുടരുന്നതിനിടെ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ.കെ.മോഹനൻ, ഫോറസ്റ്റ് ഗാർഡ് മൂലമുണ്ടായ സർക്കാർ നഷ്ടമായ 12098/- രൂപ കെ.എസ്.ആർ.ഭാഗം 3 ചട്ടം 3 പ്രകാരം ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കിക്കൊണ്ടും അച്ചടക്ക നടപടി തീർപ്പാക്കി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

3. വനം വകുപ്പിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിന്ന് 30.06.2003 ന് വിരമിക്കുകയും 09.01.2015 ന് മരണപ്പെടുകയും ചെയ്ത ഭർത്താവിന്റെ സർക്കാർ

സേവനത്തിന് ലഭ്യമാകേണ്ടതായ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ഇന്നേവരെ ലഭ്യമായിട്ടില്ല എന്നും ഭർത്താവിന്റെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭ്യമാക്കാതെ തടഞ്ഞുവെച്ചതിന് ടി തുകയ്ക്ക് ആനുപാതികമായി ലഭിക്കേണ്ട ബാങ്ക് നിരക്കിലുള്ള പലിശ കണക്കാക്കിയാൽ ഇപ്രകാരമുള്ള ബാധ്യതകളേക്കാൾ കൂടുതൽ വരുമെന്നതിനാലും ഇത്രയും കാലമായ ഒരു റിട്ടയർമെന്റ് ആനുകൂല്യത്തിന്റെ അപേക്ഷയായി പരിഗണിച്ചും പരാതിക്കാരിക്ക് ലഭ്യമാകേണ്ടതായ ആനുകൂല്യം ഉടനെ അനുവദിച്ച് ഉത്തരവാകണമെന്ന് ആവശ്യപ്പെട്ട് പരേതനായ എൻ.ശ്യാമളകുമാരന്റെ വിധവ പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ലഭ്യമാക്കുകയുണ്ടായി.

4. ശ്യാമളകുമാരൻ മരണപ്പെട്ട സാഹചര്യത്തിൽ ടിയാന്റെ ഭാര്യയുടെ കുടുംബ പെൻഷനിൽ നിന്നുമാണ് പ്രതിമാസം 500/- രൂപ വീതം ഈടാക്കേണ്ടത് എന്നും കുടുംബ പെൻഷനിൽ നിന്നും സർക്കാർ നഷ്ടം തവണകളായി പിടിക്കുന്ന വിഷയം പുന:പരിശോധന നടത്തുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുക്കണമെന്ന് പരാമർശം (3) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം) അഭ്യർത്ഥിച്ചിരുന്നു.

5. മേൽ സാഹചര്യത്തിൽ ശ്രീ.എൻ.ശ്യാമളകുമാരന്റെ പ്രതിമാസ പെൻഷനിൽ നിന്നും കെ.എസ്.ആർ.ഭാഗം 3 ചട്ടം 3 പ്രകാരം 500/- വീതം ഈടാക്കുവാനുള്ള ശിക്ഷ സർക്കാർ വിശദമായി പരിശോധിച്ചു. ടിയാൻ 30.06.2003 ൽ സർവ്വീസിൽ നിന്നും വിരമിക്കുകയും, 09.01.2015 ൽ മരണപ്പെടുകയും ചെയ്തു. ആനുപാതിക ബാധ്യതയായി 9.075/- രൂപ നിശ്ചയിച്ച് അച്ചടക്ക നടപടി തീർപ്പാക്കിയത് 05.11.2015 ൽ ആണ്. പ്രസ്തുത കേസിൽ അവകാശികളിൽ നിന്നും ഈടാക്കേണ്ട തുക തുച്ഛമായതിനാലും ജീവനക്കാരൻ മരണപ്പെട്ട് ഇത്രയും കാലമായിട്ടും സർവ്വീസ് ആനുകൂല്യങ്ങൾ ഒന്നും തന്നെ നാളിതുവരെ അവകാശികൾക്ക് അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിലും ടിയാന്റെ കുടുംബ പെൻഷനിൽ നിന്നും ടി കേസ് സംബന്ധിച്ച ബാധ്യതകൾ ഒഴിവാക്കാൻ തീരുമാനിച്ച് ഇതിനാൽഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മാരപാണ്ഡ്യൻ പി.
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ശ്രീമതി സരസ്വതി.പി., പരേതനായ എൻ.ശ്യാമള കുമാരന്റെ ഭാര്യ, ശ്രീപുരം ഹൗസ്, ഗേറ്റ് ബസാർ, കരുവട്ടൂർ പി.ഒ., പാലക്കാട് (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ